# കേരള നിയമസഭ
# 21.06.2013-ലെ മറുപടിക്ക്

പതിമൂന്നാം കേരള നിയമസഭ
ഒൻപതാം സമ്മേളനം
2013 ജൂൺ 21, വെള്ളി
നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങൾ
(ആകെ ചോദ്യങ്ങൾ- 282)

| മറുപടി നൽകുന്ന മന്ത്രിമാർ | ചോദ്യനമ്പർ |
|---|---|
| ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി | 2934 മുതൽ 3011 വരെ |
| നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി | 3012 മുതൽ 3044 വരെ |
| കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി | 3045 മുതൽ 3138 വരെ |
| പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി | 3139 മുതൽ 3215 വരെ |

## കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി അനുവദിച്ച തുക

2934

ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2012 - 13 സാമ്പത്തിക വർഷം കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി കേന്ദ്ര സർക്കാർ അനുവദിച്ച തുക എത്ര;

(ബി) ആയതിൽ എത്ര തുക ചെലവഴിച്ചു; എത്ര തുക ലാപ്സായി; തുക ലാപ്സാകാനുള്ള കാരണം എന്തെന്ന് പരിശോധന നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(സി) 2013 - 14 ൽ പ്രസ്തുത പദ്ധതികൾക്കായി കേന്ദ്ര സർക്കാർ എന്തു തുക അനുവദിച്ചു; 2013 മെയ് 31 വരെ എത്ര തുക ചെലവഴിച്ചു; വിശദമാക്കുമോ;

(ഡി) ഓരോ വർഷം കഴിയുന്തോറും കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി അനുവദിക്കുന്ന തുകയും പദ്ധതികളുടെ

എണ്ണവും കുറയുന്നതായി ശ്രദ്ധയിൽപ്പെട്ടുവോ; എങ്കിൽ ഇതു പരിഹരിക്കുവാൻ എന്തു നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(ഇ) ദേശീയ തൊഴിലുറപ്പ് പദ്ധതി, ഇന്ദിരാ ആവാസ് യോജന, പ്രധാനമന്ത്രിയുടെ ഗ്രാമീണ റോഡ് പദ്ധതി എന്നിവയ്ക്ക് 2012 -13 സാമ്പത്തിക വർഷം എത്ര തുക അനുവദിച്ചു; ആയതിൽ എത്ര തുക ചെലവഴിച്ചു; എത്ര തുക ലാപ്സായി; വിശദമാക്കുമോ?

## കേരള നിയമസഭ
## 21.06.2013-ലെ മറുപടിക്ക്

ഗ്രാമവികസന വകുപ്പിന്റെ കീഴിൽ നടപ്പിലാക്കിവരുന്ന കേന്ദ്രാവിഷ്കൃത പദ്ധതികൾ

2935 ശ്രീ. കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗ്രാമവികസന വകുപ്പിന്റെ കീഴിൽ നടപ്പിലാക്കിവരുന്ന കേന്ദ്രാവിഷ്കൃത പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികളുടെ നടത്തിപ്പിൽ കേന്ദ്ര സർക്കാർ നിഷ്കർഷിക്കുന്ന മാനദണ്ഡങ്ങളിൽ മാറ്റം വരുത്തണമെന്ന് സംസ്ഥാന സർക്കാർ ആവശ്യപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ അവ ഏതെല്ലാം പദ്ധതികളിലാണെന്നും അവയുടെ വിശദാംശങ്ങളും ലഭ്യമാക്കാമോ;

(ഡി) ഈ ആവശ്യങ്ങൾ കേന്ദ്ര സർക്കാർ അംഗീകരിച്ചിട്ടുണ്ടോ;

(ഇ) എങ്കിൽ അവയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(എഫ്) ഇപ്രകാരം മാറ്റം വരുത്തിയ മാർഗ്ഗനിർദ്ദേശങ്ങളനുസരിച്ചാണോ ഇപ്പോൾ പ്രസ്തുത പദ്ധതികൾ നടപ്പിലാക്കുന്നതെന്നും വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 21.06.2013–ലെ മറുപടിക്ക്

<u>രാജീവ്ഗാന്ധി സേവാകേന്ദ്രം</u>

2936 ശ്രീ. വി. ഡി. സതീശൻ
,, ഡൊമിനിക് പ്രസന്റേഷൻ
,, റ്റി. എൻ. പ്രതാപൻ
,, എ. റ്റി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗ്രാമ – ബ്ലോക്ക് പഞ്ചായത്തുകളിൽ രാജീവ്ഗാന്ധി സേവാകേന്ദ്രം നിർമ്മിക്കുന്ന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ;

(സി) ആരെല്ലാമാണ് പ്രസ്തുത പദ്ധതിയുമായി സഹകരിക്കുന്നത്; വിശദാംശങ്ങളെന്തെല്ലാം;

(ഡി) പദ്ധതി നടത്തിപ്പിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

# കേരള നിയമസഭ
## 21.06.2013–ലെ മറുപടിക്ക്

<u>കേന്ദ്ര ഫണ്ടുകളുടെ വിനിയോഗം വിലയിരുത്തുന്നതിന് പ്രത്യേക സെൽ</u>

2937 ശ്രീ. എം.എ. വാഹീദ്
,, ലൂഡി ലൂയിസ്
,, സണ്ണി ജോസഫ്
,, തേറമ്പിൽ രാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാർ അനുവദിച്ച ഫണ്ടുകൾ യഥാസമയം ചെലവഴിക്കാതെ നഷ്ടപ്പെടുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇത് പരിഹരിക്കാൻ എന്ത് നടപടി സ്വീകരിക്കും എന്ന് വിശദമാക്കാമോ;

(സി) കേന്ദ്ര ഫണ്ടുകളുടെ വിനിയോഗം വിലയിരുത്തുന്നതിനും, കേന്ദ്ര ഫണ്ടുപയോഗിച്ച് നടത്തുന്ന പ്രവൃത്തികളുടെ അവലോകനത്തിനുമായി ഒരു പ്രത്യേക സെൽ ആസൂത്രണ ബോർഡിൽ രൂപീകരിക്കാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 21.06.2013–ലെ മറുപടിക്ക്

<u>ചിറയിൻകീഴ് നിയോജകമണ്ഡലത്തിലെ കേന്ദ്രാവിഷ്കൃത പദ്ധതികൾ</u>

2938 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം തിരുവനന്തപുരം ജില്ലയിലും ചിറയിൻകിഴ് നിയോജകമണ്ഡലത്തിലും ഗ്രാമവികസന വകുപ്പ് കേന്ദ്രാവിഷ്കൃത പദ്ധതിയിലൂടെ ഏതെല്ലാം മരാമത്ത് പണികൾക്ക് എത്ര തുക വീതം ചെലവഴിക്കാൻ അനുവദിച്ചുവെന്ന് വ്യക്തമാക്കുമോ ;

(ബി) വകുപ്പ് വഴി പദ്ധതികൾ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത പദ്ധതി പ്രകാരം ചിറയിൻകീഴ് നിയോജകമണ്ഡലത്തിൽ ഏതെല്ലാം റോഡുകളുടെ നിർമ്മാണത്തിന് ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ; ഇങ്ങനെ അനുമതി ലഭിച്ച റോഡുപണികളിൽ ഏതെല്ലാം പൂർത്തീകരിക്കാൻ സാങ്കേതിക തടസ്സം ഉണ്ടെന്ന് വ്യക്തമാക്കാമോ ; ഈ തടസ്സങ്ങൾ ഒഴിവാക്കി പണി പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 21.06.2013–ലെ മറുപടിക്ക്

<u>കേന്ദ്ര പദ്ധതികളിലെ ചെലവ്</u>

2939 ശ്രീ. എ. എ. അസീസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നടപ്പിലാക്കുന്ന കേന്ദ്ര പദ്ധതികൾ ഏതൊക്കെയാണ്;

(ബി) അവ ഓരോന്നിനും 2012–13 സാമ്പത്തിക വർഷത്തിൽ എത്ര ശതമാനം തുകയാണ് ചെലവഴിച്ചതെന്ന് വ്യക്തമാക്കുമോ;

(സി) കേന്ദ്ര പദ്ധതികൾ 100 ശതമാനവും ചെലവഴിക്കപ്പെടുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 21.06.2013-ലെ മറുപടിക്ക്

<u>കോഴിക്കോട് ജില്ലയിലെ പ്രധാനമന്ത്രി ഗ്രാമീണ റോഡ് പദ്ധതി</u>

2940

ശ്രീ. ഇ. കെ. വിജയൻ

താഴെ കാണുന്ന ചോദ്യത്തിന്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

പ്രധാനമന്ത്രി ഗ്രാമീണ റോഡ് പദ്ധതിയുടെ ഭാഗമായി കോഴിക്കോട് ജില്ലയിലെ ഏതെല്ലാം റോഡുകളാണ് കേന്ദ്ര ഗ്രാമവികസന വകുപ്പിന് സമർപ്പിച്ചിട്ടുള്ളത്; വിശദാംശം ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 21.06.2013–ലെ മറുപടിക്ക്

<u>ചാലക്കുടി ബ്ലോക്കിലെ പദ്ധതികൾ</u>

2941 ശ്രീ. ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യത്തിന്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും** വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

2012–2013 വർഷത്തിൽ ചാലക്കുടി ബ്ലോക്ക് പഞ്ചായത്തിൽ നടപ്പാക്കിയിട്ടുള്ളതും 2013–2014ൽ നടപ്പാക്കാൻ നിശ്ചയിച്ചിട്ടുള്ളതുമായ പദ്ധതികൾ ഏതെല്ലാമെന്ന് വിശദമാക്കുമോ ?

# കേരള നിയമസഭ
## 21.06.2013-ലെ മറുപടിക്ക്

<u>ആനന്ദേശ്വരം -ഇല്ലിച്ചിറ - മലയിൻതോട് - മണൽചിറ റോഡിന്റെ നിർമ്മാണം</u>

2942 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പി.എം.ജി.എസ്.വൈ. പദ്ധതി പ്രകാരമുള്ള അമ്പലപ്പുഴ മണ്ഡലത്തിലെ ആനന്ദേശ്വരം-ഇല്ലിച്ചിറ - മലയിൻതോട് -മണൽചിറ ഗ്രാമീണ റോഡിന്റെ നിർമ്മാണം തടസ്സപ്പെടാൻ കാരണമെന്തെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ ഇപ്പോഴത്തെ അവസ്ഥ എന്തെന്ന് അറിയിക്കാമോ;

(സി) മറ്റേതെങ്കിലും ഏജൻസികളുടെ ഫണ്ടുപയോഗപ്പെടുത്തി പ്രസ്തുത റോഡുകളുടെ നിർമ്മാണം പൂർത്തീകരിക്കാൻ എന്തു നടപടി സ്വീകരിക്കാനാണുദ്ദേശിക്കുന്നത്?

# കേരള നിയമസഭ
## 21.06.2013–ലെ മറുപടിക്ക്

<u>മുടങ്ങികിടക്കുന്ന റോഡുകൾ നിർമ്മിക്കുന്നതിന് നടപടികൾ</u>

2943 ശ്രീ. വി. റ്റി. ബൽറാം
,, സി. പി. മുഹമ്മദ്
,, ആർ. സെൽവരാജ്
,, ലൂഡി ലൂയിസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും,
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പി. എം. ജി. എസ്. വൈ. പ്രകാരം പണി മുടങ്ങിക്കിടക്കുന്ന റോഡുകൾ നിർമ്മിക്കുന്നതിന് എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുളളത്; വിശദമാക്കുമോ;

(ബി) ഇതിന് എത്ര കോടി രൂപയാണ് വേണ്ടിവരുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഇതിനായുളള അധികബാധ്യത എങ്ങനെ കണ്ടെത്താനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(ഡി) റോഡുകളുടെ നിർമ്മാണത്തിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
## 21.06.2013-ലെ മറുപടിക്ക്

<u>അമ്പലപ്പുഴ ബ്ലോക്കിൽ ഏറ്റെടുത്ത റോഡുകൾ</u>

2944 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പി.എം.ജി.എസ്.വൈ സ്കീമിൽ അമ്പലപ്പുഴ ബ്ലോക്കിലെ നാഷണൽ ഹൈവേ-മാത്തേരി - കരിച്ചിറ റോഡിന്റെ നിർമ്മാണത്തിന് അനുമതി ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അടങ്കൽതുക എത്ര: കരാറുകാരൻ ആരാണ്; പണി ആരംഭിക്കുന്നതിന് എന്തെങ്കിലും തടസ്സമുണ്ടോ എന്നും അറിയിക്കാമോ;

(ബി) റോഡിന്റെ പണി എന്ന് ആരംഭിക്കുവാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്?

# കേരള നിയമസഭ
## 21.06.2013–ലെ മറുപടിക്ക്

<u>കോഴിക്കോട് ജില്ലയിൽ നടപ്പിലാക്കിയ റോഡ് പ്രവൃത്തികൾ</u>

2945 ശ്രീ.കെ.ദാസൻ

താഴെ കാണുന്ന ചോദ്യത്തിന്
ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും,
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

പി.എം.ജി.എസ്.വൈ. പദ്ധതി പ്രകാരം 2012–2013 വർഷത്തിൽ കോഴിക്കോട് ജില്ലയിൽ നടപ്പിലാക്കിയ റോഡ് പ്രവൃത്തികൾ ഏതെല്ലാം ; വിശദമാക്കുമോ?

# കേരള നിയമസഭ
## 21.06.2013–ലെ മറുപടിക്ക്

<u>കല്ല്യാശ്ശേരി മണ്ഡലത്തിൽ പുതിയ റോഡുകൾ</u>

2946 ശ്രീ.റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും,
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കല്ല്യാശ്ശേരി മണ്ഡലത്തിൽ പ്രധാനമന്ത്രി ഗ്രാമീൺ സഡക് യോജന പദ്ധതിയിൽ ഉൾപ്പെടുത്തിയ റോഡുകളുടെ നിർമ്മാണ പുരോഗതി വ്യക്തമാക്കുമോ;

(ബി) കല്ല്യാശ്ശേരി മണ്ഡലത്തിൽ പുതിയതായി ഏതൊക്കെ റോഡുകളാണ് പി.എം.ജി.എസ്.വൈ പദ്ധതി പ്രകാരം അനുമതിക്കായി സമർപ്പിച്ചിട്ടുളളത്?

## കേരള നിയമസഭ
## 21.06.2013-ലെ മറുപടിക്ക്

ചാലക്കുടി മണ്ഡലത്തിൽ പി.എം.ജി.എസ്.വൈ പദ്ധതി

2947 ശ്രീ. ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2012-2013-ൽ ചാലക്കുടി മണ്ഡലത്തിൽ പി.എം.ജി.എസ്.വൈ. പദ്ധതി പ്രകാരം ഏതെല്ലാം റോഡുകളുടെ പുനരുദ്ധാരണത്തിനായി നടപടി സ്വീകരിച്ചു എന്നും, പ്രവൃത്തികൾ ഏത് ഘട്ടത്തിലാണെന്നും വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം 2012-2013-ൽ മണ്ഡലത്തിലെ ഏതെല്ലാം റോഡുകളുടെ നവീകരണത്തിനാണ് നടപടി സ്വീകരിച്ചിട്ടുള്ളത് എന്ന് അറിയിക്കുമോ?

# കേരള നിയമസഭ
## 21.06.2013-ലെ മറുപടിക്ക്

<u>കാഞ്ഞങ്ങാട് മണ്ഡലത്തിൽ പി. എം. ജി. എസ്. വൈ. പദ്ധതിയിൽ ഉൾപ്പെടുത്തിയ റോഡുകൾ</u>

2948 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പി.എം.ജി.എസ്.വൈ ൮-൧൦ ഘട്ടത്തിൽ ഏറ്റെടുക്കുന്നതിന് വേണ്ടി കാഞ്ഞങ്ങാട് മണ്ഡലത്തിൽ നിന്നും ഉൾപ്പെടുത്തിയിരുന്ന റോഡുകൾ ഏതെല്ലാമാണ്;

(ബി) പ്രസ്തുത റോഡുകളിൽ ഏതെല്ലാമാണ് ഇപ്പോൾ അനുവദിച്ചവ;

(സി) ബാക്കിയുള്ളവ എപ്പോൾ അനുവദിക്കുമെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 21.06.2013-ലെ മറുപടിക്ക്

പി. എം. ജി. എസ്. വൈ പദ്ധതിയുടെ വിശകലനം

2949 ശ്രീ.എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പി. എം. ജി. എസ്. വൈ പദ്ധതി പ്രകാരം കേന്ദ്ര സഹായം അനുവദിക്കുന്നതിനുള്ള മാനദണ്ഡം വ്യക്തമാക്കാമോ;

(ബി) 2001 മുതൽ 2006 വരെ പ്രസ്തുത പദ്ധതി പ്രകാരം എത്ര കിലോമീറ്റർ റോഡുകൾ ഏറ്റെടുത്തു; അതിൽ എത്ര പൂർത്തീകരിച്ചു; പൂർത്തീകരിക്കാത്തത് എത്ര; കാരണം എന്തെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത കാലയളവിൽ ഏതെല്ലാം ഫേസുകൾ ഉൾപ്പെട്ടിരുന്നു; വിശദമാക്കാമോ;

(ഡി) 2006 മുതൽ 2011 വരെ ഏതെല്ലാം ഫേസുകളിലായി എത്ര കിലോമീറ്റർ ദൂരം റോഡ് ഏറ്റെടുത്തു; അതിൽ ഏത്ര പൂർത്തീകരിച്ചു; എത്ര കിലോമീറ്റർ മുടങ്ങി കിടന്നു; കാരണം എന്തെന്ന് വ്യക്തമാക്കാമോ;

(ഇ) മുടങ്ങിക്കിടന്ന 375.00 കിലോമീറ്റർ റോഡ് നിർമ്മാണത്തിൽ എന്നാണ് സർക്കാർ ഫണ്ട് അനുവദിച്ചത്; ഉത്തരവും, തീയതിയും, തുകയും വ്യക്തമാക്കാമോ;

(എഫ്) 2006-2011 കാലയളവിൽ എത്ര കിലോമീറ്റർ റോഡുകൾ പൂർത്തീകരിച്ചു; എത്ര തുക ചെലവഴിച്ചു; വ്യക്തമാക്കാമോ;

(ജി) 2011-12 ൽ പൂർത്തീകരിച്ച 124 കി. മീറ്റർ റോഡുകളുടെ വിശദാംശം ലഭ്യമാക്കാമോ; എത്ര തുക അനുവദിച്ചു;

(എച്ച്) 2012-13 ൽ എത്ര കിലോമീറ്റർ റോഡുകൾ പൂർത്തീകരിച്ചു; ഏതെല്ലാം; എത്ര തുക ചെലവഴിച്ചു;

# കേരള നിയമസഭ
## 21.06.2013–ലെ മറുപടിക്ക്

(ഐ) 2013–14 ൽ പ്രസ്തുത പദ്ധതി പ്രകാരം എത്ര കിലോമീറ്റർ റോഡുകൾക്ക് കേന്ദ്രാനുമതി ലഭ്യമായി; ഏതെല്ലാം റോഡുകൾ; റോഡിന്റെ പേരും, തദ്ദേശശ്വയംഭരണ സ്ഥാപനത്തിന്റെ പേരും പ്രസിദ്ധീകരിക്കാമോ;

(ജെ) പാലക്കാട് ജില്ലയിൽ നഷ്ടപ്പെട്ട റോഡുകൾ ഏതെല്ലാം; പകരം ഉൾപ്പെടുത്തപ്പെട്ട റോഡുകൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 21.06.2013–ലെ മറുപടിക്ക്

<u>പി.എം.ജി.എസ്.വൈ. പ്രകാരം വൈപ്പിൻ മണ്ഡലത്തിലെ പ്രവൃത്തികൾ</u>

2950 ശ്രീ. എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പി.എം.ജി.എസ്.വൈ. പദ്ധതി പ്രകാരം റോഡ് നിർമ്മിക്കുവാൻ എടുത്ത നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം ഏതൊക്കെ മണ്ഡലത്തിലാണ് റോഡുകൾ അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) പി.എം.ജി.എസ്.വൈ. പദ്ധതി പ്രകാരം വൈപ്പിൻ മണ്ഡലത്തിൽ പുതുതായി തെരഞ്ഞെടുത്ത പ്രവൃത്തികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 21.06.2013–ലെ മറുപടിക്ക്

<u>പി. എം. ജി. എസ്.വൈ. പദ്ധതി</u>

2951 ശ്രീ. തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കരാറുകാർ ഏറ്റെടുക്കാത്ത പി. എം. ജി. എസ്.വൈ. പദ്ധതിയിലുൾപ്പെടുത്തി അഞ്ചാം ഘട്ടം മുതൽ ഏഴാം ഘട്ടം വരെയുള്ള റോഡ് നിർമ്മാണ പ്രവൃത്തികൾ റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കി അനുമതി ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത ഘട്ടത്തിൽ അനുവദിച്ച പ്രവൃത്തികളുടെ തുക ലാപ്സായോ; എങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 21.06.2013–ലെ മറുപടിക്ക്

പട്ടിക വിഭാഗങ്ങൾക്ക് ഐ.എ.വൈ പദ്ധതി

2952 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഐ.എ.വൈ. പദ്ധതിയനുസരിച്ച് പഴയ നിരക്കിൽ വീടനുവദിച്ചവയിൽ ഇനിയും വീട്പണി പൂർത്തിയാക്കാത്ത എത്ര ഗുണഭോക്താക്കളുണ്ടെന്ന് ജില്ല തിരിച്ചകണക്ക് വ്യക്തമാക്കുമോ ;

(ബി) ഇതിൽ പട്ടികജാതി–പട്ടികവർഗ്ഗ വിഭാഗം എത്രയെന്ന് വ്യക്തമാക്കുമോ ;

(സി) പഴയനിരക്കിലുള്ള തുക കൊണ്ട് ഇന്നത്തെ അവസ്ഥയിൽ വീടുപണി പൂർത്തിയാക്കാൻ കഴിയാത്ത പട്ടികജാതി–പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് വർദ്ധിച്ച തോതിലുള്ള തുക നൽകുവാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 21.06.2013-ലെ മറുപടിക്ക്

എച്ച്.എ.ഡി.എ പദ്ധതി പ്രകാരമുള്ള റോഡുകളുടെ നിർമ്മാണം

2953 ശ്രീ. എസ്. രാജേന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എച്ച്.എ.ഡി.എ. പദ്ധതി പ്രകാരം ദേവികുളം താലൂക്കിൽ ഏറ്റെടുത്തിട്ടുള്ള റോഡുകളുടെ നിർമ്മാണ പ്രവർത്തനം ഏത് ഘട്ടത്തിലാണ്;

(ബി) ഏറ്റെടുത്തിട്ടുള്ള നിർമ്മാണ പ്രവർത്തനം അടിയന്തരമായി നടപ്പിലാക്കുന്നതിനു എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?

# കേരള നിയമസഭ
## 21.06.2013-ലെ മറുപടിക്ക്

ഐ.എ.വൈ ധനസഹായം വർദ്ധിപ്പിക്കുന്നതിന് നടപടി

2954 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഐ.എ.വൈ ജനറൽ/പട്ടികജാതി/പട്ടികവർഗ്ഗ സമുദായക്കാർക്കുള്ള ധനസഹായം 2011-12 മുതൽ വർദ്ധിപ്പിച്ച് ഉത്തരവായിട്ടുണ്ടോ;

(ബി) എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) വർദ്ധനവ് വരുത്തിയ തുക തദ്ദേശസ്ഥാപനങ്ങൾക്ക് നൽകാമെന്ന് ഉറപ്പു നൽകിയിട്ടുണ്ടോ; എങ്കിൽ അത് നൽകിയിട്ടുണ്ടോ;

(ഡി) 2013-14 ൽ പ്രസ്തുത വർദ്ധനവ് ഇനത്തിൽ സർക്കാർ എത്ര തുക തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകുമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 21.06.2013–ലെ മറുപടിക്ക്

ഐ.എ.വൈ. പദ്ധതി

2955

ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഐ.എ.വൈ. ഭവന പദ്ധതി പ്രകാരമുള്ള ഗുണഭോക്താക്കൾക്ക് സർക്കാരിന്റെ വിഹിതമായി എത്ര തുക നൽകുന്നു;

(ബി) പ്രസ്തുത തുക സമയബന്ധിതമായി നൽകാത്തതിനാൽ ഗുണഭോക്താക്കൾക്ക് ഭവനനിർമ്മാണം പൂർത്തീകരിക്കാതെ വിഷമതകൾ നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത പദ്ധതി പ്രകാരം ഭവനനിർമ്മാണം പൂർത്തീകരിക്കുന്നതിന് എന്തെല്ലാം സഹായങ്ങൾ ലഭ്യമാക്കും?

**കേരള നിയമസഭ**
**21.06.2013-ലെ മറുപടിക്ക്**

<u>അഹാഡ്സിന്റെ തുടർപ്രവർത്തനം</u>

2956 ശ്രീ. എ. കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അഹാഡ്സിന്റെ തുടർപ്രവർത്തനം സംബന്ധിച്ച് 12.01.12 ന് മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിന്റെ തീരുമാനങ്ങൾ എന്തൊക്കെയായിരുന്നുവെന്ന് വ്യക്തമാക്കുമോ;

(ബി) ഈ തീരുമാനങ്ങൾ നടപ്പാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ, ഏതെല്ലാം; ഇതിൽ ഏതെല്ലാം നടപ്പാക്കി, ഇല്ലെങ്കിൽ, എന്തുകൊണ്ടെന്ന് വിശദമാക്കുമോ;

(സി) അഹാഡ്സിന്റെ പ്രവർത്തനങ്ങൾ അവസാനിപ്പിച്ചിട്ടുണ്ടോ; ജീവനക്കാരുടെ ശമ്പള കുടിശ്ശിക നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ, എന്നത്തേക്ക് നൽകുമെന്ന് വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 21.06.2013-ലെ മറുപടിക്ക്

<u>ഹിൽ ഏരിയാ ഡെവലപ്പ്മെന്റ്സ് ഏജൻസി</u>

2957 ശ്രീ. എം. വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഹിൽ ഏരിയാ ഡെവലപ്പ്മെന്റ് ഏജൻസിയുടെ നേതൃത്വത്തിൽ വയനാട് ജില്ലയിൽ നടപ്പാക്കുന്ന പദ്ധതികളുടെ ബ്ലോക്ക് തല വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികളിൽ ഏതെല്ലാം പദ്ധതികൾ പൂർത്തിയായെന്ന് വ്യക്തമാക്കുമോ;

(സി) ഇനിയും അനുമതി ലഭിച്ചിട്ടില്ലാത്ത പദ്ധതികൾ ഏതെല്ലാമെന്ന് വിശദമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതികൾക്ക് അനുമതി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 21.06.2013-ലെ മറുപടിക്ക്

<u>ബ്ലോക്ക് പഞ്ചായത്തുകളെ ശക്തിപ്പെടുത്തുന്നതിന് നടപടി</u>

2958 ശ്രീ.കെ. മുഹമ്മദുണ്ണിഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും,
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ബ്ലോക്ക് പഞ്ചായത്തുകളുടെ 10 ലക്ഷം രൂപയിൽ കുറഞ്ഞ പ്രൊജക്ടുകൾക്ക് അംഗീകാരം നൽകേണ്ടതില്ല എന്ന് തീരുമാനിച്ചിട്ടുണ്ടോ;

(ബി) ബ്ലോക്ക് പഞ്ചായത്തുകൾക്ക് സാമ്പത്തിക സഹായം കുറവായതു കാരണം എല്ലാ പ്രദേശങ്ങളിലും പ്രൊജക്ട് തയ്യാറാക്കുന്നതിന് പ്രയാസം നേരിടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ബ്ലോക്ക് പഞ്ചായത്തുകൾക്ക് കൂടുതൽ ധനസഹായം നൽകിയും പ്രൊജക്ടുകൾക്കുള്ള മിനിമം പരിധി 10 ലക്ഷത്തിൽ നിന്ന് കുറച്ചും ബ്ലോക്ക് പഞ്ചായത്തുകളെ ശക്തിപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 21.06.2013-ലെ മറുപടിക്ക്

വൃക്ഷതൈകളുടെ സംരക്ഷണം

2959

ശ്രീ. പുരുഷൻ കടലുണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പരിസ്ഥിതി സംരക്ഷണത്തിന്റെയും സാമൂഹ്യ വനവൽക്കരണ പരിപാടിയുടേയും ഭാഗമായി പൊതുസ്ഥലങ്ങളിൽ ഈ വർഷം നട്ടുപിടിപ്പിച്ച വൃക്ഷതൈകളുടെ നമ്പരിട്ട ലിസ്റ്റ് വാർഡ് അടിസ്ഥാനത്തിൽ തയ്യാറാക്കുന്നതിനും, ഇവ സംരക്ഷിക്കുന്നതിനും തൊഴിലുറപ്പ് പദ്ധതിയിൽ ആക്ഷൻ പ്ലാൻ തയ്യാറാക്കുന്നതിനും തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകാമോ;

(ബി) വൃക്ഷതൈകൾ വേലികെട്ടി സംരക്ഷിക്കുക, വേനലിൽ നനക്കുക എന്നീപ്രവൃത്തികൾക്ക് വനം/കൃഷി വകുപ്പുകൾ അംഗീകരിച്ച ഡാറ്റ എല്ലാ പഞ്ചായത്തുകൾക്കും ലഭ്യമാക്കുവാൻ ഇതുപ്രകാരം എസ്റ്റിമേറ്റ് തയ്യാറക്കാനും നിർദ്ദേശിക്കാമോ?

# കേരള നിയമസഭ
## 21.06.2013–ലെ മറുപടിക്ക്

ഗ്രാമവികസനമേഖലയിലുള്ള കേന്ദ്രാവിഷ്കൃത പദ്ധതികളുടെ നടത്തിപ്പ്

2960 ശ്രീ. കോടിയേരി ബാലകൃഷ്ണൻ
'' ജി. സുധാകരൻ
'' കെ. കെ. ജയചന്ദ്രൻ
'' പുരുഷൻ കടലുണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗ്രാമവികസനമേഖലയിലുള്ള കേന്ദ്രാവിഷ്കൃത പദ്ധതികളുടെ നടത്തിപ്പിൽ സംസ്ഥാനത്ത് കൂടുതൽ സ്വാതന്ത്ര്യം വേണ്ടതാണെന്ന് കണ്ടെത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ ഇപ്പോൾ നടപ്പാക്കിക്കൊണ്ടിരിക്കുന്ന ഏതെല്ലാം പദ്ധതികളിലാണ് കേന്ദ്രത്തിന്റെ മാനദണ്ഡങ്ങൾ സംസ്ഥാനത്ത് ദോഷകരമായി ബാധിക്കുന്നത്; പ്രസ്തുത മാനദണ്ഡങ്ങൾ എന്തെല്ലാമാണ്;

(സി) കേന്ദ്രാവിഷ്കൃത പദ്ധതി നടത്തിപ്പ് സുഗമമാക്കാനായി മാനദണ്ഡങ്ങൾ ഉദാരമാക്കുന്നതിന്റെ ഭാഗമായി കേന്ദ്ര സർക്കാർ തലത്തിൽ നടക്കുന്ന കൂടിയാലോചനകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ നൽകാമോ; ഇക്കാര്യത്തിൽ മുൻപ് കേന്ദ്ര സർക്കാരിൽ നിന്നും ലഭിച്ച ഉറപ്പുകൾ എന്തൊക്കെയായിരുന്നു; അവയിൽ ഏതെല്ലാം നടപ്പിലാക്കിയിട്ടുണ്ട്?

# കേരള നിയമസഭ
## 21.06.2013–ലെ മറുപടിക്ക്

<u>'സുതാര്യ കേരളം' ജില്ലാ സെല്ലിന്റെ പ്രവര്‍ത്തനം</u>

2961 ശ്രീ. സണ്ണി ജോസഫ്
'' ഹൈബി ഈഡന്‍
'' അന്‍വര്‍ സാദത്ത്
'' ഐ. സി. ബാലകൃഷ്ണന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോര്‍ക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) 'സുതാര്യ കേരളം' ജില്ലാ സെല്ലിന്റെ പ്രവര്‍ത്തനത്തിന് തുടക്കം കുറിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ലക്ഷ്യങ്ങള്‍ എന്തെല്ലാമാണ്; വിശദാംശങ്ങള്‍ എന്തെല്ലാം;

(സി) എല്ലാ ജില്ലകളിലേയ്ക്കും സെല്ലിന്റെ പ്രവര്‍ത്തനം വ്യാപിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ എന്ന് വിശദമാക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം നടപടികള്‍ എടുത്തിട്ടുണ്ട്; വിശദാംശങ്ങള്‍ എന്തെല്ലാമാണ്?

# കേരള നിയമസഭ
## 21.06.2013–ലെ മറുപടിക്ക്

<u>തൊഴിലുറപ്പ് പദ്ധതിക്ക് സോഷ്യൽ ഓഡിറ്റിംഗ്</u>

2962 ശ്രീ. കെ. മുരളീധരൻ
,, ഷാഫി പറമ്പിൽ
,, പി. സി. വിഷ്ണുനാഥ്
,, കെ. അച്ചുതൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും**
**നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തൊഴിലുറപ്പ് പദ്ധതിക്ക് സോഷ്യൽ ഓഡിറ്റിംഗ് നടപ്പാക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത സംവിധാനത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ;

(സി) തൊഴിലുറപ്പ് പദ്ധതിയുടെ നിലവാരം സ്വതന്ത്രമായും നിരന്തരമായും വിലയിരുത്തുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് ഓഡിറ്റിംഗിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദമാക്കുമോ;

(ഡി) എന്നുമുതൽ ഓഡിറ്റിംഗ് നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
## 21.06.2013-ലെ മറുപടിക്ക്

<u>സംസ്ഥാന തൊഴിലുറപ്പ് കൗൺസിൽ</u>

2963 ശ്രീ. പി. കെ. ഗുരുദാസൻ
,, കെ. വി. വിജയദാസ്
,, കെ. ദാസൻ
,, സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന തൊഴിലുറപ്പ് കൗൺസിൽ പുന:സംഘടപ്പിക്കാനുദ്ദേശിക്കുന്നുണ്ടോ; പ്രസ്തുത കൗൺസിലിൽ നിലവിലുള്ള അംഗങ്ങൾ ആരൊക്കെയാണ് ;

(ബി) കൗൺസിലിന്റെ ചുമതലകൾ എന്തെല്ലാമാണ് ;

(സി) 2011-2012, 2012-2013 എന്നീ വർഷങ്ങളിൽ കൗൺസിൽ എത്ര തവണ യോഗം ചേർന്നു;

(ഡി) പ്രസ്തുത കാലയളവിൽ കൗൺസിൽ യോഗങ്ങളിൽ എടുത്തിട്ടുള്ള പ്രധാന തീരുമാനങ്ങൾ എന്തെല്ലാമാണ്;

(ഇ) കാർഷിക മേഖലയെ തൊഴിലുറപ്പ് പദ്ധതിയുടെ നെഗറ്റീവ് ലിസ്റ്റിൽ ഉൾപ്പെടുത്താനുള്ള കേന്ദ്ര സർക്കാരിന്റെ തീരുമാനം കൗൺസിലിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതുമായി ബന്ധപ്പെട്ട് എന്തെങ്കിലും അനന്തര നടപടികൾ കൗൺസിൽ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

# കേരള നിയമസഭ
# 21.06.2013-ലെ മറുപടിക്ക്

<u>തൊഴിലുറപ്പ് പദ്ധതിയിൽ 100 ദിവസം പൂർത്തിയാക്കിയ കുടുംബങ്ങൾക്ക് ധനസഹായം</u>

2964

ശ്രീ. പി. സി. വിഷ്ണുനാഥ്
,, വി. റ്റി. ബൽറാം
,, കെ. ശിവദാസൻ നായർ
,, വർക്കല കഹാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് തൊഴിലുറപ്പ് പദ്ധതി അനുസരിച്ച് 100 ദിവസം പൂർത്തിയാക്കിയ കുടുംബങ്ങൾക്ക് എന്തെല്ലാം ധനസഹായങ്ങളാണ് നൽകിയിട്ടുള്ളത്; വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തായിരുന്നു; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഈയിനത്തിൽ എത്ര കോടി രൂപ ചെലവഴിച്ചിട്ടുണ്ട്;

(ഡി) ഇതിന്റെ ഗുണഭോക്താക്കൾ എത്രയായിരുന്നു; വിശദാംശങ്ങൾ എന്തെല്ലാം?

## കേരള നിയമസഭ
## 21.06.2013–ലെ മറുപടിക്ക്

<u>തൊഴിലുറപ്പ് പദ്ധതിയിൽ തൊഴിൽ ദിനങ്ങൾ വർധിപ്പിക്കാൻ നടപടി</u>

2965 ശ്രീ. എ.എ. അസീസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2012–13–ൽ മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി വഴി സംസ്ഥാനത്ത് എത്ര ദിവസത്തെ തൊഴിലാണ് നൽകാൻ കഴിഞ്ഞിട്ടുള്ളത്;

(ബി) നടപ്പ് സാമ്പത്തികവർഷം തൊഴിൽ ദിനങ്ങൾ വർധിപ്പിക്കാൻ എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 21.06.2013-ലെ മറുപടിക്ക്

<u>തൊഴിലുറപ്പ് പദ്ധതിയനുസരിച്ച് 100 ദിവസം തൊഴിൽ ചെയ്ത വനിതകൾക്ക് ധനസഹായം</u>

2966 ശ്രീ. ജോസഫ് വാഴക്കൻ
,, ഐ. സി. ബാലകൃഷ്ണൻ
,, ഡൊമിനിക് പ്രസന്റേഷൻ
,, ആർ. സെൽവരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് തൊഴിലുറപ്പ് പദ്ധതിയനുസരിച്ച് 100 ദിവസം തൊഴിൽ ചെയ്ത വനിതകൾക്ക് എന്തെല്ലാം ധനസഹായങ്ങളാണ് നൽകിയത്; വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തായിരുന്നു; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഈയിനത്തിൽ എത്ര കോടി രൂപ ചെലവഴിച്ചിട്ടുണ്ട്;

(ഡി) ഇതിന്റെ ഗുണഭോക്താക്കൾ എത്രയായിരുന്നു; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
## 21.06.2013–ലെ മറുപടിക്ക്

<u>തൊഴിലുറപ്പു പദ്ധതിയെക്കുറിച്ചുള്ള സി.എ.ജി. റിപ്പോര്‍ട്ട്</u>

2967 ശ്രീ. ചിറ്റയം ഗോപകുമാര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോര്‍ക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) തൊഴിലുറപ്പു പദ്ധതിയെക്കുറിച്ചുള്ള സി.എ.ജി. റിപ്പോര്‍ട്ടില്‍ കേരളത്തിലെ പദ്ധതി നിര്‍വ്വഹണത്തെക്കുറിച്ച് എന്തെങ്കിലും പരാമര്‍ശമുള്ളതായി ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കില്‍ എന്തൊക്കെയാണെന്നു വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പരാമര്‍ശങ്ങള്‍ പരിഹരിക്കുന്നതിന് എന്തെങ്കിലും നടപടികള്‍ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കില്‍ എന്തെല്ലാമാണെന്നു വിശദമാക്കുമോ?

# കേരള നിയമസഭ
## 21.06.2013-ലെ മറുപടിക്ക്

<u>മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി</u>

2968 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിപ്രകാരം സംസ്ഥാനത്ത് എത്ര തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു;

(ബി) പ്രസ്തുത പദ്ധതിയിലൂടെ നാളിതുവരെ എത്ര തുക വിതരണം ചെയ്തു; വാർഷികാടിസ്ഥാനത്തിൽ കണക്ക് ലഭ്യമാക്കാമോ;

(സി) പ്രസ്തുത പദ്ധതി എന്തെല്ലാം പരിമിതികളെയാണ് അഭിമുഖീകരിക്കുന്നത്; വിശദമാക്കാമോ;

(ഡി) പ്രസ്തുത പദ്ധതിക്കായി പ്രത്യേകം ഷെഡ്യൂൾ ഓഫ് റേറ്റും മറ്റും തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(ഇ) തൊഴിലുറപ്പ് പദ്ധതി കേന്ദ്രീകരിച്ച് ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതികൾ തയ്യാറാക്കുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ;

(എഫ്) തൊഴിലുറപ്പ് പദ്ധതി പ്രകാരം പാലക്കാട് ജില്ലയിൽ കാർഷികാനുബന്ധ മേഖലയിൽ എത്ര തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു; വിശദമാക്കാമോ;

(ജി) പ്രസ്തുത നടപടിയിലൂടെ എത്ര കുടുംബങ്ങൾക്ക് അതിന്റെ ഗുണഫലം ലഭിക്കുകയുണ്ടായി;

(എച്ച്) 2012-13 വർഷത്തിൽ ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിൽ എത്ര തൊഴിലുറപ്പ് പ്രവൃത്തികൾ നടത്തുകയുണ്ടായി; എത്ര തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു; എത്ര രൂപ കൂലിയിനത്തിൽ വിതരണം ചെയ്തു; വിശദാംശം ലഭ്യമാക്കാമോ;

(ഐ) മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതിയിൽ സാധനഘടകം ഉപയോഗിച്ച് സ്ഥിരമായി ആസ്തി നിർമ്മിക്കൽ സ്കീമിൽ ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിൽ എന്തെല്ലാം ആസ്തികൾ നിർമ്മിക്കപ്പെട്ടു; വിശദാംശം ലഭ്യമാക്കാമോ?

# കേരള നിയമസഭ
# 21.06.2013–ലെ മറുപടിക്ക്

തൊഴിലുറപ്പ് പദ്ധതിയിൽ നിന്ന് കൃഷിയെ ഒഴിവാക്കിയ നടപടി

2969 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യത്തിന്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

തൊഴിലുറപ്പ് പദ്ധതിയിൽ നിന്ന് കൃഷിയെ ഒഴിവാക്കിയ കേന്ദ്ര തീരുമാനം മാറ്റുന്നതിന് സംസ്ഥാന സർക്കാർ ഇതിനകം എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദീകരിക്കാമോ?

# കേരള നിയമസഭ
## 21.06.2013-ലെ മറുപടിക്ക്

<u>അട്ടപ്പാടി മേഖലയിൽ തൊഴിലുറപ്പ് പദ്ധതി</u>

2970 ശ്രീ.എ.കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും,
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അട്ടപ്പാടി മേഖലയിലെ മൂന്ന് പഞ്ചായത്തുകളിലായി 2011-12, 12-13 വർഷങ്ങളിൽ എത്ര ആദിവാസികളാണ് തൊഴിലുറപ്പ് പദ്ധതിയിൽ രജിസ്ട്രർ ചെയ്തിരുന്നത് ; ഇതിൽ എത്ര പേർക്ക് എത്ര ദിവസം തൊഴിൽ ലഭിച്ചു; എത്ര രൂപയായിരുന്നു ഒരാളുടെ വേതനം;

(ബി) വേതനയിനത്തിൽ ആകെ എത്ര രൂപാ ഈ വർഷങ്ങളിൽ നൽകി; ഇനി എത്ര രൂപ നൽകാനുണ്ട്; തുക യഥാസമയം നൽകാതിരുന്നത് എന്തുകൊണ്ടാണ്;

(സി) അട്ടപ്പാടിയിൽ ആദിവാസി ഇതര ജനവിഭാഗങ്ങൾ എത്ര പേർ ഈ വർഷങ്ങളിൽ തൊഴിലുറപ്പു പദ്ധതിയിൽ രജിസ്ട്രർ ചെയ്തു; ഇതിൽ എത്ര പേർക്ക് എത്ര ദിവസം തൊഴിൽ ലഭിച്ചു എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 21.06.2013-ലെ മറുപടിക്ക്

<u>തൊഴിലുറപ്പു പദ്ധതിയിൽ രജിസ്റ്റർ ചെയ്ത കുടുംബങ്ങളുടെ വിവരം</u>

2971 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തൊഴിലുറപ്പു പദ്ധതിയിൽ എത്ര കുടുംബങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ;

(ബി) ഇതിൽ എത്ര കുടുംബങ്ങൾക്ക് ഇതിനകം 100 ദിവസം തൊഴിൽ നൽകാൻ സാധിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ;

(സി) 2013 ഏപ്രിൽ, മെയ്, ജൂൺ മാസങ്ങളിൽ പ്രസ്തുത പദ്ധതി പ്രകാരം എത്ര തൊഴിൽ ദിനങ്ങൾ നൽകിയെന്ന് വെളിപ്പെടുത്താമോ?

# കേരള നിയമസഭ
## 21.06.2013-ലെ മറുപടിക്ക്

ആറ്റിങ്ങൽ നിയോജക മണ്ഡലത്തിലെ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

2972

ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങൽ നിയോജക മണ്ഡലത്തിലുൾപ്പെടുന്ന പഞ്ചായത്തുകളിൽ 2012 - 13 ൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം നൽകിയ തൊഴിൽദിനങ്ങളെക്കുറിച്ചുള്ള വിശദവിവരം ലഭ്യമാക്കാമോ;

(ബി) 90 ദിവസം തൊഴിൽ ചെയ്ത വനിതകളുൾപ്പെടുന്ന 100 ദിവസം തൊഴിൽ ചെയ്ത കുടുംബങ്ങളിലെ കുട്ടികളുടെ പഠന ചെലവുകൾക്ക് 1000 രൂപ വീതം ഈ പഞ്ചായത്തുകളിൽ എത്ര പേർക്ക് ലഭിച്ചുവെന്നും 100 ദിവസം തൊഴിൽ ചെയ്ത എത്ര പേർ ഉണ്ടെന്നും വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 21.06.2013–ലെ മറുപടിക്ക്

<u>പി. പി. പി. നടപ്പാക്കൽ</u>

2973 ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ പങ്കാളിത്തം വർദ്ധിപ്പിക്കാനായി ആസൂത്രണ ബോർഡ് പബ്ലിക്–പ്രൈവറ്റ് പാർട്ടിസിപ്പേഷൻ (പി. പി. പി) നടപ്പാക്കാൻ ശുപാർശ ചെയ്തിട്ടുണ്ടോ;

(ബി) എങ്കിൽ, ഇത് സംബന്ധിച്ച് ആസൂത്രണബോർഡ് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതിയുടെ വ്യവസ്ഥകൾ എന്തെല്ലാം; ഇത് സംബന്ധിച്ച് കേന്ദ്ര സർക്കാർ എന്തെങ്കിലും നിർദ്ദേശം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) ഇതുമായി ബന്ധപ്പെട്ട് സംസ്ഥാന സർക്കാർ എന്തെങ്കിലും തീരുമാനമെടുത്തിട്ടുണ്ടോ; വിശദമാക്കുമോ;

(ഇ) ഇതുമായി ബന്ധപ്പെട്ട് ഏതെല്ലാം പുതിയ സംരംഭങ്ങളാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ?

## കേരള നിയമസഭ
## 21.06.2013–ലെ മറുപടിക്ക്

നബാർഡ് സഹായത്തോടെ ആരംഭിച്ച പദ്ധതികൾ

2974 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നബാർഡ് സഹായത്തോടെ ആരംഭിച്ച പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികൾ എന്നത്തേക്ക് പൂർത്തീകരിക്കാനാകുമെന്ന് വിശദമാക്കാമോ?

## കേരള നിയമസഭ
## 21.06.2013-ലെ മറുപടിക്ക്

വിഷൻ 2030

T2975 ശ്രീ.പി.ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും,
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിഷൻ 2030 എന്ന പേരിൽ പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഏത് ഏജൻസിയാണ് ഇത് സംബന്ധിച്ച് പഠനം നടത്തി റിപ്പോർട്ട് തയ്യാറാക്കിയിട്ടുളളത് എന്ന് വിശദമാക്കാമോ;

(സി) കേരളത്തിന്റെ സംസ്കാരത്തിനും ഭൂപ്രകൃതിക്കും കാർഷിക രീതികൾക്കും പരിസ്ഥിതിക്കും ഇണങ്ങുന്ന വിധത്തിലാണോ പദ്ധതി ആസൂത്രണം ചെയ്തിരിക്കുന്നത് എന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
## 21.06.2013-ലെ മറുപടിക്ക്

സി-ഡിറ്റ് നടപ്പാക്കുന്ന പ്രോജക്ടുകൾ

2976 ശ്രീ. വി. ശിവൻകുട്ടി
,, റ്റി. വി. രാജേഷ്
,, കെ. വി. അബ്ദുൾ ഖാദർ
,, എസ്. രാജേന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സി-ഡിറ്റ് ഇപ്പോൾ നടപ്പാക്കുന്ന വിവിധ പ്രോജക്ടുകളെ സംബന്ധിച്ച് വിശദാംശങ്ങൾ നൽകാമോ;

(ബി) ഈ പ്രോജക്ടുകളുടെ നടത്തിപ്പിനായി ഉദ്യോഗാർത്ഥികളെ തെരഞ്ഞെടുക്കുന്നത് എങ്ങനെയാണ്;

(സി) ഉദ്യോഗാർത്ഥികളുടെ ശമ്പളവും യോഗ്യതയും നിർണ്ണയിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ സി-ഡിറ്റ് മാത്രമാണോ നിശ്ചയിച്ചുവരുന്നത്; ഇക്കാര്യത്തിൽ സർക്കാരിനുള്ള പങ്ക് വ്യക്തമാക്കുമോ;

(ഡി) ഈ സർക്കാർ അധികാരമേറ്റതിനു ശേഷം സി-ഡിറ്റിൽ നടത്തിയിട്ടുള്ള താൽക്കാലിക നിയമനങ്ങളുടെ വിശദാംശങ്ങൾ നൽകാമോ?

# കേരള നിയമസഭ
## 21.06.2013-ലെ മറുപടിക്ക്

<u>സി-ഡിറ്റിലെ റീസ്ട്രക്ചറിംഗ് സംവിധാനം</u>

2977 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യത്തിന്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

സി-ഡിറ്റിൽ സാമ്പത്തികമായി പരാജയപ്പെട്ട റീസ്ട്രക്ച്ചറിങ്ങിനു പകരം പഴയ സംവിധാനം പുന:സ്ഥാപിക്കുന്നതിനെ സംബന്ധിച്ച് ആലോചിക്കുന്നുണ്ടോ?

# കേരള നിയമസഭ
## 21.06.2013-ലെ മറുപടിക്ക്

<u>സി-ഡിറ്റിലെ പദ്ധതികളിലും വരുമാനത്തിലും കുറവ്</u>

2978 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സി-ഡിറ്റിൽ 2011-12 സാമ്പത്തിക വർഷത്തെ അപേക്ഷിച്ച് 2012-13 സാമ്പത്തിക വർഷത്തിൽ പദ്ധതികളിലും വരുമാനത്തിലും കുറവുണ്ടായിട്ടുണ്ടോ;

(ബി) എങ്കിൽ ആയതിനുള്ള കാരണം വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 21.06.2013-ലെ മറുപടിക്ക്

<u>സി. ഡിറ്റിലെ ട്രെയിനികള്‍</u>

2979 ശ്രീ. വി. ശിവന്‍കുട്ടി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോര്‍ക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഒരു വര്‍ഷത്തിലേറെയായി സി. ഡിറ്റില്‍ തുടരുന്ന എത്ര ട്രെയിനികള്‍ ഉണ്ട് ;

(ബി) ട്രെയിനിംങ് കാലാവധി കഴിഞ്ഞിട്ടും പ്രസ്തുത ട്രെയിനികളെ പിരിച്ചു വിടാത്തതിനുള്ള കാരണമെന്താണ് ;

(സി) താല്ക്കാലിക നിയമനങ്ങള്‍ക്ക് സര്‍ക്കാരിന്റെ മുന്‍കൂട്ടിയുള്ള അനുമതി വേണമെന്ന ഉത്തരവിനെ മറികടന്ന് ട്രെയിനികളെ നിയമിക്കുന്നത് ചട്ടവിരുദ്ധമായ നടപടിയാണോ ;

(ഡി) പ്രസ്തുത ട്രെയിനികള്‍ അനിശ്ചിതമായി തുടരുന്നതിലൂടെ ഉണ്ടായിട്ടുള്ള സാമ്പത്തിക നഷ്ടം ആയതിനു കാരണക്കാരായ ഉദ്യോഗസ്ഥരില്‍ നിന്നും ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

## കേരള നിയമസഭ
## 21.06.2013-ലെ മറുപടിക്ക്

<u>സി. ഡിറ്റിൽ നിലവിലുള്ള പദ്ധതികൾ</u>

2980 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സി. ഡിറ്റിൽ റീസ്ട്രക്ച്ചറിംഗ് നടത്തുന്നതിനുമുമ്പ് 2011 -2012 സാമ്പത്തിക വർഷത്തിൽ എത്ര പദ്ധതികൾ ഉണ്ടായിരുന്നു ;

(ബി) ഇപ്പോൾ എത്ര പദ്ധതികൾ ഉണ്ട് ;

(സി) ആയതു സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 21.06.2013-ലെ മറുപടിക്ക്

<u>സി. ഡിറ്റിലെ വരവ് - ചെലവ് കണക്ക്</u>

2981 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യത്തിന്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

സി. ഡിറ്റിലെ 2011-2012 സാമ്പത്തിക വർഷത്തിലെ വരവ്, ചെലവ്, ലാഭം, നീക്കിയിരിപ്പ് എന്നിവ പദ്ധതി തിരിച്ച് ലഭ്യമാക്കുമോ ?

## കേരള നിയമസഭ
## 21.06.2013–ലെ മറുപടിക്ക്

<u>വിദ്യാഭ്യാസ വായ്പയുടെ പലിശ സബ്സിഡി</u>

T2982 ശ്രീ. ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ വായ്പയുടെ പലിശ സബ്സിഡി സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന എ.പി.എൽ. കാർഡുടമകൾക്കു കൂടി ലഭ്യമാക്കുന്നതിനായി നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഇതിനായി എന്തു സംവിധാനമാണ് ഏർപ്പെടുത്തിയിട്ടുള്ളത് എന്ന് അറിയിക്കാമോ?

**കേരള നിയമസഭ**
**21.06.2013-ലെ മറുപടിക്ക്**

<u>കേന്ദ്ര ആസൂത്രണ കമ്മീഷന്റെ പരിസ്ഥിതി പാലന റിപ്പോർട്ട്</u>

2983 ശ്രീ.കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര ആസൂത്രണ കമ്മീഷന്റെ പുതിയ പരിസ്ഥിതി പാലന റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത റിപ്പോർട്ട് പ്രകാരം പരിസ്ഥിതി പാലനത്തിൽ കേരളം എത്രാം സ്ഥാനത്താണെന്ന് വ്യക്തമാക്കുമോ;

(സി) 2010, 2011 വർഷങ്ങളിൽ പരിസ്ഥിതി പാലനത്തിൽ കേരളം എത്രാമത് സ്ഥാനത്തായിരുന്നുവെന്ന് വ്യക്തമാക്കുമോ;

(ഡി) ജലശുദ്ധി, മാലിന്യം, വനം, ആരോഗ്യം തുടങ്ങിയ മേഖലകൾ പരിപാലിക്കുന്നതിൽ ഈ സർക്കാർ പരാജയപ്പെട്ടിട്ടുണ്ടോ; പരിസ്ഥിതി പാലനത്തിൽ കേരളം പിന്നോട്ടു പോയിട്ടുണ്ടെങ്കിൽ ആയത് പരിശോധിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

# കേരള നിയമസഭ
# 21.06.2013-ലെ മറുപടിക്ക്

ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിൽ സ്ഥലംമാറ്റം

2984 ശ്രീ. കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാരെ മാനദണ്ഡങ്ങളനുസരിച്ച് മാത്രമേ സ്ഥലം മാറ്റുകയുള്ളുവെന്ന് മുഖ്യമന്ത്രി സർവീസ് സംഘടനാ നേതാക്കളുമായുള്ള ചർച്ചയിൽ ഉറപ്പുകൊടുത്തിട്ടുള്ള കാര്യം അറിയുമോ;

(ബി) ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിൽ മാനദണ്ഡങ്ങൾ പാലിക്കാതെ ജീവനക്കാരെ നിരന്തരം സ്ഥലം മാറ്റുന്നതായ പരാതികൾ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(സി) ഇത് ജീവനക്കാർക്കിടയിൽ അസംതൃപ്തിയുണ്ടാക്കുകയും വകുപ്പിലെ ദൈനംദിന പ്രവർത്തനങ്ങൾ ശരിയായ രീതിയിൽ നടക്കാതിരിക്കുന്നതിന് കാരണമാകുന്നു എന്ന വസ്തുത പരിശോധിച്ചിട്ടുണ്ടോ;

(ഡി) ഈ വകുപ്പിൽ മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി നടത്തിയിട്ടുള്ള സ്ഥലംമാറ്റങ്ങൾ റദ്ദാക്കുവാനും മുഖ്യമന്ത്രി നൽകിയ ഉറപ്പിന്റെ അടിസ്ഥാനത്തിൽ മാത്രം സ്ഥലംമാറ്റ നടപടികൾ സ്വീകരിക്കുവാനും വകുപ്പ് അധ്യക്ഷന് നിർദ്ദേശം നൽകുമോ?

# കേരള നിയമസഭ
## 21.06.2013-ലെ മറുപടിക്ക്

<u>ക്ഷീരകർഷകർക്ക് തൊഴിലുറപ്പ് പദ്ധതി</u>

2985

ശ്രീമതി കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ക്ഷീര കർഷകരെ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(ബി) കേന്ദ്ര സർക്കാരിൽ ഇതിനായി എന്തെങ്കിലും പ്രൊജക്ട് സമർപ്പിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(സി) ഉണ്ടെങ്കിൽ ഇതിനായി സംസ്ഥാന സർക്കാർ സമർപ്പിച്ച പ്രൊജക്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 21.06.2013-ലെ മറുപടിക്ക്

<u>ക്ഷീര കർഷക പെൻഷൻ</u>

2986 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ക്ഷീരകർഷക പെൻഷൻ ലഭിക്കാൻ അർഹത നിശ്ചയിക്കുന്ന മാനദണ്ഡം വിശദമാക്കാമോ;

(ബി) നിലവിൽ ക്ഷീരകർഷകർക്ക് ലഭിക്കുന്ന പെൻഷൻ തുക കുറവാണെന്നുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത തുക വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കാമോ?

# കേരള നിയമസഭ
## 21.06.2013-ലെ മറുപടിക്ക്

<u>ക്ഷീരഗംഗ പദ്ധതി</u>

2987 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പാലുല്പാദനം വർദ്ധിപ്പിക്കുന്നതിനായി ആവിഷ്ക്കരിച്ചിട്ടുള്ള പദ്ധതികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ;

(ബി) ക്ഷീരസഹകരണ സംഘങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനായി 2012-2013 വർഷത്തിൽ കേന്ദ്രത്തിൽ നിന്നും എത്ര ധനസഹായം ലഭ്യമായി; വിശദാംശം നൽകാമോ;

(സി) ക്ഷീര വികസന വകുപ്പ് ആവിഷ്കരിച്ച ക്ഷീരഗംഗ പദ്ധതി പ്രകാരം ഏതെല്ലാം ജില്ലകളിലെ എത്ര കർഷകർക്കാണ് ധനസഹായം ലഭ്യമാക്കിയത്;

(ഡി) പ്രസ്തുത പദ്ധതി വിജയം സംബന്ധിച്ച് മോണിറ്ററിംഗ് നടത്തിയോ; എങ്കിൽ റിപ്പോർട്ട് ലഭ്യമാക്കാമോ;

(ഇ) പദ്ധതി നടത്തിപ്പിലെ പോരായ്മകൾ സർക്കാരിന്റെ ശ്രദ്ധയിലുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 21.06.2013-ലെ മറുപടിക്ക്

<u>ക്ഷീര കർഷകർക്ക് ക്ഷേമനിധി പെൻഷൻ</u>

2988 ശ്രീ. എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ക്ഷീര കർഷകർക്ക് നൽകുന്ന ക്ഷേമനിധി പെൻഷൻ തുക വളരെ കുറവാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത തുക വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) ക്ഷീര കർഷകർക്ക് ക്ഷേമനിധി പെൻഷൻ നൽകുന്നതിലെ വ്യവസ്ഥകൾ ലഘൂകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 21.06.2013–ലെ മറുപടിക്ക്

<u>മിൽക്ക്ഷെഡ് വികസന പദ്ധതി</u>

2989 ശ്രീ.പി. കെ. ബഷീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പാലുല്പാദനം വർദ്ധിപ്പിക്കുന്നതിനായി ലക്ഷ്യമിടുന്ന മിൽക്ക് ഷെഡ് പദ്ധതിയുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം ക്ഷീരകർഷകർക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് ലഭിക്കുന്നത്; വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 21.06.2013-ലെ മറുപടിക്ക്

<u>പാലുൽപാദനം വർദ്ധിപ്പിക്കാൻ പദ്ധതി</u>

2990 ശ്രീ. പാലോട് രവി
,, വർക്കല കഹാർ
,, എ. പി. അബ്ദുള്ളക്കുട്ടി
,, ഐ. സി. ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പാലുൽപാദനം പ്രതിദിനം ഒരു ലക്ഷം ലിറ്ററായി വർദ്ധിപ്പിക്കാനുള്ള പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഏതെല്ലാം ഏജൻസികളാണ് ഇതുമായി സഹകരിക്കുന്നത്; വിശദമാക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചു; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
## 21.06.2013-ലെ മറുപടിക്ക്

പാൽ ഉൽപാദനത്തിലും വിതരണത്തിലും സ്വയം പര്യാപ്തത

2991 ശ്രീ.പി. ഉബൈദുള്ള
'' അബ്ദുറഹിമാൻ രണ്ടത്താണി
'' എം.ഉമ്മർ
'' എൻ. എ, നെല്ലിക്കുന്ന്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും**
**സാംസ്കാരികവും നോർക്കയും**
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഡയറി ഫാമുകളിൽ നിന്നുള്ള ഉല്പന്നങ്ങൾ സംസ്ഥാനത്തിന്റെ ആവശ്യങ്ങൾക്ക് മതിയാകുന്നില്ല എന്നത് ശ്രദ്ധയിൽ വന്നിട്ടുണ്ടോ;

(ബി) ഇതു മൂലം ഗുണ നിലവാരമില്ലാത്തതും, മായം ചേർന്നതുമായ പാൽ അന്യസംസ്ഥാനത്തു നിന്നും വൻതോതിൽ സംസ്ഥാനത്തു വിറ്റഴിക്കാൻ സൗകര്യമൊരുക്കപ്പെടുന്നു എന്നത് അറിവുണ്ടോ;

(സി) സംസ്ഥാനത്ത് ഉല്പാദിപ്പിക്കപ്പെടുന്ന പാലിന്റെ എത്ര ശതമാനമാണ് ഡയറികളിലെത്തുന്നതെന്ന് വിശദമാക്കുമോ;

(ഡി) പാൽ ഉല്പാദനത്തിലും, വിതരണത്തിലും സ്വയം പര്യാപ്തത നേടാൻ എന്തെങ്കിലും പദ്ധതികൾ പരിഗണനയിലുണ്ടോ?

## കേരള നിയമസഭ
## 21.06.2013-ലെ മറുപടിക്ക്

<u>ചുമര്‍ ചിത്രനഗരി</u>

2992 ശ്രീ.വി. റ്റി. ബല്‍റാം
'' സി. പി. മുഹമ്മദ്
'' എ. പി. അബ്ദുള്ളക്കുട്ടി
'' ആര്‍. സെല്‍വരാജ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരി കവും നോര്‍ക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് ചുമര്‍ ചിത്രനഗരി സ്ഥാപിക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ലക്ഷ്യങ്ങള്‍ എന്തെല്ലാമാണ്; വിശദാംശങ്ങള്‍ എന്തെല്ലാം;

(സി) ഏതെല്ലാം ഏജന്‍സികളാണ് ഇതിനായി സഹകരിക്കുന്നത് എന്ന് വിശദമാക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശങ്ങള്‍ എന്തെല്ലാം?

# കേരള നിയമസഭ
## 21.06.2013–ലെ മറുപടിക്ക്

<u>സാംസ്കാരിക വകുപ്പിന് വിട്ടുകിട്ടിയ കെട്ടിടങ്ങൾ</u>

2993 ശ്രീമതി കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ അഞ്ച് വർഷത്തിനിടയിൽ സാംസ്കാരിക വകുപ്പിന് എത്ര കെട്ടിടങ്ങൾ സ്വകാര്യ വ്യക്തികളിൽ നിന്നും മറ്റ് സർക്കാർ വകുപ്പുകളിൽ നിന്നും വിട്ടുകിട്ടിയിട്ടു ് എന്ന് വ്യക്തമാക്കുമോ; അവ എവിടെയെല്ലാമാണെന്നും വ്യക്തമാക്കുമോ;

(ബി) കുറ്റ്യാടിയിലെ പഴയ രജിസ്ട്രാർ ഓഫീസ് കെട്ടിടം ഏറ്റെടുക്കുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തീകരിച്ചിട്ടുേ ാ എന്നും ഇല്ലെങ്കിൽ നടപടിക്രമങ്ങൾ ഏതു ഘട്ടംവരെയായി എന്നും വ്യക്തമാക്കുമോ;

(സി) ഏറ്റെടുത്ത കെട്ടിടങ്ങൾ സംരക്ഷിക്കുന്നതിന് എന്തെല്ലാം കാര്യങ്ങൾ ചെയ്തിട്ടുെ ന്നും ഇതിനായി എത്ര തുക ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 21.06.2013–ലെ മറുപടിക്ക്

<u>കലാകാരൻമാരുടെയും സാഹിത്യകാരൻമാരുടെയും സ്മാരകങ്ങൾ</u>

2994 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സാംസ്കാരിക വകുപ്പിന്റെ കീഴിൽ കലാകാരൻമാരുടെയും സാഹിത്യകാരൻമാരുടെയും പേരിൽ എത്ര സ്മാരകങ്ങൾ പ്രവർത്തിക്കുന്നു ്;

(ബി) ഇതിൽ ട്രസ്റ്റ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്തതും പുന:സംഘടിപ്പിക്കാതെ ആജീവനാന്തം തുടരുന്നതുമായ എത്ര സ്മാരകങ്ങൾ ഉ ്; അവ ഏതെല്ലാമാണെന്നും, ഇവയ്ക്ക് സാംസ്കാരിക വകുപ്പിൽ നിന്നും വാർഷിക ഗ്രാന്റ് എത്ര രൂപ വീതം നൽകുന്നു ് എന്നും വ്യക്തമാക്കുമോ;

(സി) സാംസ്കാരിക വകുപ്പിന് കീഴിൽ ട്രസ്റ്റ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്യാത്തതും കാലാവധി കഴിയുമ്പോൾ സർക്കാർ ഭരണസമിതി പു:സംഘടിപ്പിക്കുന്ന വിധത്തിലുള്ളതുമായ എത്ര സ്മാരകങ്ങൾ ഉ ്; അവ ഏതെല്ലാമാണെന്നും, ഇവയ്ക്ക് വാർഷിക ഗ്രാന്റ് എത്ര രൂപ വീതം ലഭിക്കുന്നു െ ന്നും വ്യക്തമാക്കുമോ;

(ഡി) മേൽപ്പറഞ്ഞ സ്മാരകങ്ങൾക്ക് 2012-13 വർഷത്തിൽ പ്ലാൻഫ ്, നോൺപ്ലാൻഫ ് ഇനങ്ങളിലായി എത്ര രൂപ നൽകിയെന്നും 2013-14 വർഷത്തിൽ എത്ര രൂപ വകയിരുത്തിയെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 21.06.2013–ലെ മറുപടിക്ക്

<u>കമലാസുരയ്യയുടെ പേരിലുള്ള സാംസ്കാരിക കേന്ദ്രം</u>

2995 ശ്രീ. പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും

**വകുപ്പുമന്ത്രി**

സദയം മറുപടി നൽകുമോ:

(എ) കമലാസുരയ്യയുടെ പേരിൽ സാംസ്കാരിക വകുപ്പ് പുന്നയൂർക്കുളത്ത് പണിയുന്ന സാംസ്കാരിക കേന്ദ്രത്തിന്റെ നിർമ്മാണ പ്രവൃത്തികൾ ഏതു ഘട്ടത്തിലാണ് എന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിക്ക് എന്തു തുകയാണ് വകയിരുത്തിയിരിക്കുന്നത് എന്ന് വിശദമാക്കാമോ;

(സി) സാംസ്ക്കാരിക കേന്ദ്രം പൂർത്തീകരിക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ നിലവിലുണ്ടോ;

(ഡി) എങ്കിൽ പദ്ധതി പൂർത്തിയാക്കുന്നതിന് സത്വര നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 21.06.2013-ലെ മറുപടിക്ക്

<u>വട്ടിയൂർക്കാവിൽ സ്വാതന്ത്ര്യ സമര സേനാനികൾക്ക് വേ ി നിർമ്മിക്കുന്ന സ്മാരകം</u>

2996 ശ്രീ. സി.കെ.നാണു
,, ജോസ് തെറ്റയിൽ
,, മാത്യു റ്റി തോമസ്
ശ്രീമതി ജമീലാ പ്രകാശം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും,
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വട്ടിയൂർക്കാവിൽ സംസ്ഥാന സർക്കാർ സ്വാതന്ത്ര്യ സമര സേനാനികൾക്ക് വേ ി നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന സ്മാരകത്തിന്റെ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയിട്ടുേ ാ;

(ബി) എങ്കിൽ അത് സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(സി) പ്രസ്തുത സ്മാരകത്തിന് വേ ി 2013-2014-ലെ ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുേ ാ;

(ഡി) എങ്കിൽ അത് സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(ഇ) പ്രസ്തുത സ്മാരകത്തിന് സാഹസികനായ സ്വാതന്ത്ര്യസമര സേനാനി എ.കുഞ്ഞൻ നാടാരുടെ പേര് നല്കണമെന്ന് ആവശ്യപ്പെട്ടുകൊ ുള്ള നിവേദനം ലഭിച്ചിട്ടുേ ാ;

(എഫ്) എങ്കിൽ അതിൻമേൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ?

## കേരള നിയമസഭ
## 21.06.2013-ലെ മറുപടിക്ക്

<u>തലശ്ശേരിയിലെ ഓവുചാലിൽ അനാഥമായി കിടക്കുന്ന പീരങ്കി</u>

2997 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തലശ്ശേരി തുറമുഖ ഓഫീസിനു സമീപത്തായി നൂറ്റാ ുകൾ പഴക്കമുളള പീരങ്കി, ഓവുചാലിൽ അനാഥമായി കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടു േ ാ;

(ബി) ഈ പീരങ്കി, സംസ്ഥാന പുരാവസ്തു വകുപ്പ് ഏറ്റെടുത്ത് തലശ്ശേരി കോട്ടയിൽ സ്ഥാപിച്ച് സംരക്ഷിക്കണമെന്നാവശ്യപ്പെട്ട് നിവേദനം ലഭ്യമായിട്ടു േ ാ;

(സി) എങ്കിൽ ഇതിന്മേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വെളിപ്പെടുത്താമോ;

(ഡി) എന്നത്തേക്ക് പീരങ്കി, കോട്ടയിൽ സ്ഥാപിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 21.06.2013-ലെ മറുപടിക്ക്

<u>പത്രപ്രവർത്തക പെൻഷൻ</u>

2998 ശ്രീ.കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പത്രപ്രവർത്തക പെൻഷൻ ഇപ്പോൾ നൽകി വരുന്നുേ ാ എന്ന് വ്യക്തമാക്കുമോ;

(ബി) എങ്കിൽ പെൻഷൻ തുക എത്രയെന്ന് അറിയിക്കുമോ;

(സി) ഏത് കേന്ദ്രം വഴിയാണ് പ്രസ്തുത പെൻഷൻ ഇപ്പോൾ നൽകി വരുന്നത് എന്ന് വെളിപ്പെടുത്തുമോ;

(ഡി) ട്രഷറി വഴി പത്രപ്രവർത്തക പെൻഷൻ നൽകുന്നതിന് ഉദ്ദേശിക്കുന്നുേ ാ; വിശദാംശങ്ങൾ വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 21.06.2013–ലെ മറുപടിക്ക്

<u>മലയാളം മിഷൻ രജിസ്ട്രാറുടെ സേവന - വേതന വ്യവസ്ഥകൾ</u>

2999 ശ്രീ. കോവൂർ കുഞ്ഞുമോൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മലയാളം മിഷൻ രജിസ്ട്രാർ ആയി ഇപ്പോൾ പ്രവർത്തിക്കുന്നത് ആരാണെന്ന് വെളിപ്പെടുത്തുമോ; പ്രസ്തുത ഉദ്യോഗസ്ഥൻ ഏതു വകുപ്പിൽ നിന്നും വന്നതാണെന്നും സേവന വേതന വ്യവസ്ഥകൾ എന്താണെന്നും വ്യക്തമാക്കുമോ;

(ബി) മലയാളം മിഷന്റെ മുമ്പു ായിരുന്ന രജിസ്ട്രാർ സർവ്വീസിൽ നിന്നും ഡെപ്യൂട്ടേഷനിൽ ആയിരുന്നോ എന്നു വ്യക്തമാക്കുമോ;

(സി) ഡെപ്യൂട്ടേഷനിൽ രജിസ്ട്രാറെ നിയമിക്കണമെന്ന വ്യവസ്ഥ ഭേദഗതി ചെയ്തിട്ടുേ ാ; എങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ഡി) ഈ സർക്കാർ അധികാരമേറ്റ ശേഷം കരാർ അടിസ്ഥാനത്തിൽ നിശ്ചയിച്ച രജിസ്ട്രാർക്ക് നൽകിയിട്ടുള്ള ആനുകൂല്യങ്ങളും സൗകര്യങ്ങളും എന്തൊക്കെയാണെന്നും ഓരോ ഇനത്തിലും ചെലവിട്ടതുക എത്രയാണെന്നും വ്യക്തമാക്കുമോ;

(ഇ) ഈ വർഷം മലയാളം മിഷന് അനുവദിച്ച തുക എത്രയാണെന്നും കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന രജിസ്ട്രാർ അതു ചെലവിടുന്നതിൽ പിഴവ് കാണിച്ചാൽ അക്കൗ ബിലിറ്റി നിശ്ചയിക്കാൻ എന്തൊക്കെ മുൻകരുതൽ സ്വീകരിച്ചു എന്നും വ്യക്തമാക്കുമോ; ആയതിന്റെ ഉത്തരവ് ലഭ്യമാക്കുമോ?

**കേരള നിയമസഭ**
**21.06.2013-ലെ മറുപടിക്ക്**

<u>മലയാളം മിഷന്റെ വകുപ്പ് മാറ്റം</u>

3000 ശ്രീ.കോവൂർ കുഞ്ഞുമോൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ മലയാളം മിഷൻ ഏതു വകുപ്പിന്റെ കീഴിലായിരുന്നു എന്നും ചുമതലയുള്ള മന്ത്രി ആരായിരുന്നു എന്നും വെളിപ്പെടുത്തുമോ;

(ബി) ഇപ്പോൾ മലയാളം മിഷൻ ഏതു വകുപ്പിന്റെ കീഴിലാണെന്നും ഏതുവകുപ്പു ഉത്തരവു പ്രകാരം സാംസ്കാരിക വകുപ്പിലേക്ക് മാറ്റിയെന്നും വ്യക്തമാക്കുമോ;

(സി) മലയാളം മിഷൻ സാംസ്കാരിക വകുപ്പിലേക്ക് മാറ്റിയ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ഡി) മലയാളം മിഷൻ ഏതു വകുപ്പിന്റെ കീഴിലാണ് രൂപീകരിച്ചതെന്നും മലയാളം മിഷൻ രൂപീകരിച്ചത് സംബന്ധിച്ച ഉത്തരവ് രൂപീകരിച്ച സമയം നിലവിലു ായിരുന്ന നിയമാവലി, മെമ്മോറാ ം ഓഫ് അസോസിയേഷൻ തുടങ്ങി ബന്ധപ്പെട്ട രേഖകളുടെ പകർപ്പ് ലഭ്യമാക്കുമോ;

(ഇ) പ്രസ്തുത നിയമാവലി ഭേദഗതി ചെയ്തതിന്റെ പകർപ്പ്, പ്രമേയത്തിന്റെ പകർപ്പ് ആയത് രജിസ്ട്രാർ അംഗീകരിച്ച രേഖയുടെ ഉത്തരവിന്റെ പകർപ്പും ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 21.06.2013-ലെ മറുപടിക്ക്

ഓൺലൈൻ ലൈബ്രറികൾ

3001 ശ്രീ. ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർക്കാർ ഉടമസ്ഥതയിൽ 'ഓൺലൈൻ ലൈബ്രറികൾ' നിലവിലുണ്ടോ;

(ബി) ഇല്ലായെങ്കിൽ 'ഓൺലൈൻ ലൈബ്രറികൾ' സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(സി) പ്രസ്തുത സൗകര്യം പ്രാവർത്തികമാക്കുന്നതിന് ഏതെങ്കിലും തരത്തിലുള്ള തടസ്സം നിലനിൽക്കുന്നതായി നിരീക്ഷിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശം അറിയിക്കുമോ?

# കേരള നിയമസഭ
# 21.06.2013–ലെ മറുപടിക്ക്

## <u>പ്രവാസി മലയാളികൾ</u>

3002

ശ്രീമതി കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിദേശ രാജ്യങ്ങളിൽ ജോലി ചെയ്യുന്ന മലയാളികൾ എത്രയുണ്ടെന്നും അവർ ഏതൊക്കെ രാജ്യങ്ങളിലാണ് ജോലി ചെയ്യുന്നതെന്നും അവരുടെ തൊഴിൽ സാഹചര്യങ്ങൾ എന്തെന്നും വ്യക്തമാക്കുന്ന കണക്കുകളോ വിവരങ്ങളോ സർക്കാരിൽ ലഭ്യമാണോ;

(ബി) എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) ലഭ്യമല്ലെങ്കിൽ പ്രവാസി മലയാളികളെ സംബന്ധിച്ച വിവര ശേഖരണത്തിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 21.06.2013–ലെ മറുപടിക്ക്

<u>പ്രവാസികളെ സംബന്ധിച്ച സർവ്വെ</u>

3003 ശ്രീ. സി. ദിവാകരൻ
'' ചിറ്റയം ഗോപകുമാർ
'' വി. എസ്. സുനിൽ കുമാർ
'' വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും
നോർക്കയും **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിദേശത്ത് സ്വദേശിവത്കരണം നടപ്പാക്കുന്നതുമൂലം തൊഴിൽ നഷ്ടപ്പെട്ട് തിരിച്ചെത്തിയ എത്ര പേർ ഇപ്പോൾ സംസ്ഥാനത്തു ്;

(ബി) ഇവരെ പുനരധിവസിപ്പിക്കുന്നതിന് ഇതുവരെ എന്തെല്ലാം പദ്ധതികൾ നടപ്പാക്കി; ഇതിന്റെ പ്രയോജനം എത്ര പേർക്ക് ലഭിച്ചു;

(സി) ഫ്രീ വിസയിൽ സ്പോൺസർഷിപ്പ് മാറ്റാനാകാതെ ഒളിവിൽ കഴിയുന്ന കേരളീയരു ോ; ഉ െങ്കിൽ ഇവർക്ക് സംസ്ഥാനത്തേയ്ക്ക് മടങ്ങുന്നതിന് എന്തെല്ലാം സൗകര്യങ്ങളാണ് ഏർപ്പെടുത്തി കൊടുത്തതെന്ന് വെളിപ്പെടുത്തുമോ;

(ഡി) പ്രവാസികളുടെ കൃത്യമായ വിവരങ്ങൾ ശേഖരിക്കുന്നതിന് സർവ്വേ നടത്തിയിട്ടു ോ; ഉ െങ്കിൽ ഈ സർവ്വെ റിപ്പോർട്ടിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 21.06.2013-ലെ മറുപടിക്ക്

സൗദി സ്വദേശിവൽക്കരണം മൂലം നാട്ടിലേക്ക് മടങ്ങേ ി വരുന്ന കേരളീയർക്ക് സൗജന്യയാത്ര

3004 ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്

**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**

സദയം മറുപടി നൽകുമോ:

(എ) സൗദി സ്വദേശിവൽക്കരണം മൂലം നാട്ടിലേക്ക് മടങ്ങേ ി വരുന്ന കേരളീയർക്ക് സൗജന്യ യാത്ര ഏർപ്പെടുത്താമെന്ന് ഉറപ്പ് നൽകിയിരുന്നുവോ;

(ബി) എങ്കിൽ, ഇത്തരത്തിൽ സംസ്ഥാന സർക്കാർ എത്ര പേർക്ക് സൗജന്യ യാത്ര ഏർപ്പെടുത്തി നൽകിയിട്ടു ്; ജില്ല തിരിച്ചുള്ള കണക്ക് വിശദമാക്കാമോ?

# കേരള നിയമസഭ
## 21.06.2013–ലെ മറുപടിക്ക്

<u>വിദേശങ്ങളിൽ ജയിലുകളിലും മറ്റും അകപ്പെടുന്ന മലയാളികൾ</u>

3005 ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും
നോർക്കയും **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എത്ര പ്രവാസി മലയാളികൾ വർഷങ്ങളായി തിരികെ നാട്ടിലെത്താൻ കഴിയാതെയും സ്വന്തം വീട്ടുകാരുമായി ബന്ധപ്പെടാൻ പോലുമാകാതെയും വിദേശങ്ങളിൽ പെട്ടിരിക്കുന്നു എന്നതു സംബന്ധിച്ച കണക്കുകൾ വ്യക്തമാക്കുമോ; ഇവരെ തിരികെ നാട്ടിലെത്തിക്കുവാൻ ചെയ്യുന്ന കാര്യങ്ങൾ എന്തെല്ലാമാണെന്നു പറയാമോ;

(ബി) ഒട്ടേറെ പ്രവാസി മലയാളി തൊഴിലാളികൾ വിദേശങ്ങളിൽ കേസുകളിൽ പെട്ട് അവിടങ്ങളിലെ ജയിലുകളിൽ കഴിയേ ി വരികയും അവരിൽ പലർക്കും നാട്ടിലുള്ളവരുമായി ബന്ധപ്പെടാൻ കഴിയാതെ വരികയും ചെയ്യുന്ന സംഭവങ്ങൾ ഉ ാകുന്നത് എന്തുകൊ ാണെന്നു പരിശോധിച്ചിട്ടു േ ാ; ഇത്തരം സംഭവങ്ങൾ ഉ ാകാതെയിരിക്കാൻ കൈക്കൊ ിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 21.06.2013-ലെ മറുപടിക്ക്

കുവൈറ്റിൽ നിന്നും തിരിച്ചുവരുന്നവർക്ക് പുനരധിവാസ പദ്ധതി

3006 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യത്തിന്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കുവൈറ്റിൽ നിന്നും തിരിച്ചുവരുന്ന പ്രവാസി മലയാളികളുടെ പുനരധിവാസത്തിനും തൊഴിൽ സംരക്ഷണത്തിനും എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്നുള്ള വിവരം നൽകുമോ?

# കേരള നിയമസഭ
## 21.06.2013–ലെ മറുപടിക്ക്

<u>സാന്ത്വനം പദ്ധതി</u>

3007 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യത്തിന്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

പ്രവാസി വകുപ്പിന്റെ കീഴിൽ നടപ്പിലാക്കിവരുന്ന 'സാന്ത്വനം പദ്ധതി'യിലൂടെ എന്തൊക്കെ സഹായങ്ങളാണ് ലഭ്യമാക്കുന്നത്; വിശദാംശം നൽകുമോ?

# കേരള നിയമസഭ
## 21.06.2013-ലെ മറുപടിക്ക്

<u>ഗൾഫ് മലയാളികൾക്കുള്ള സഹായങ്ങൾ</u>

3008 ശ്രീ.കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും,
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗൾഫിൽ ജോലിചെയ്യുന്ന മലയാളികൾക്ക് നോർക്കയിൽ നിന്നും വിവിധ തരത്തിലുള്ള സഹായങ്ങൾ ലഭിക്കുന്നതിന് പുതിയ മാനദണ്ഡങ്ങൾ ഏർപ്പെടുത്തിയിട്ടുേ ാ;

(ബി) എങ്കിൽ മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് അറിയിക്കുമോ;

(സി) ഇതിന്റെ അടിസ്ഥാനത്തിൽ എന്തെല്ലാം സഹായങ്ങളാണ് ഗൾഫിൽ ജോലി ചെയ്യുന്ന മലയാളികൾക്ക് നോർക്ക വഴി
ലഭ്യമാകുക എന്നും വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 21.06.2013–ലെ മറുപടിക്ക്

പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ്

3009

ശ്രീ. വി. പി. സജീന്ദ്രൻ
,, ബെന്നി ബെഹനാൻ
,, അൻവർ സാദത്ത്
,, പി. എ. മാധവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നോർക്ക ഡിപ്പാർട്ട്മെന്റിന്റെ പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ് പദ്ധതിയുടെ ലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദമാക്കുമോ;

(ബി) എന്തെല്ലാം സവിശേഷതകളാണ് പദ്ധതിക്കുള്ളത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഈ പദ്ധതിക്ക് അർഹരായവർ ആരൊക്കെയാണ്; വിശദമാക്കുമോ;

(ഡി) ഏതെല്ലാം മേഖലകൾക്കാണ് പദ്ധതി വഴി സഹായം ലഭിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(ഇ) എന്തെല്ലാം ആനുകൂല്യങ്ങളാണ് പദ്ധതി വഴി നൽകുന്നത്; വിശദമാക്കുമോ?

# കേരള നിയമസഭ
## 21.06.2013-ലെ മറുപടിക്ക്

<u>നോർക്ക വകുപ്പിന്റെ പ്രവർത്തനം</u>

3010 ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നോർക്ക വകുപ്പിൽ ഇപ്പോൾ എത്ര ജീവനക്കാരു ്; തസ്തിക തിരിച്ച് ഓരോരുത്തരുടേയും ശമ്പളത്തിന്റെ വിശദാംശം വ്യക്തമാക്കുമോ;

(ബി) ഈ സർക്കാർ വന്നതിനുശേഷം എത്രപേരെ ഏതെല്ലാം തസ്തികകളിൽ ഡെപ്യൂട്ടേഷനും മറ്റു ക്രമീകരണങ്ങളും വഴി നിയമിച്ചു; അവർ ആരെല്ലാം; അവരുടെ ശമ്പള സ്കെയിൽ ഉൾപ്പെടെയുള്ള വിശദാംശം വ്യക്തമാക്കുമോ;

(സി) മൊത്തം ജീവനക്കാരിൽ ഓരോരുത്തരുടേയും നിയമനം എപ്രകാരമായിരുന്നു; തസ്തിക തിരിച്ച് വിശദാംശം വ്യക്തമാക്കുമോ;

(ഡി) നോർക്ക റൂട്ട്സിലെ ഏതെല്ലാം ഉദ്യോഗസ്ഥൻ എത്ര വിദേശ യാത്രകൾ നടത്തിയിട്ടു ്; അവർ ആരെല്ലാം; ഇതിനായി ഓരോരുത്തർക്കും ചെലവായ തുക എത്ര; വിശദാംശം ലഭ്യമാക്കുമോ;

(ഇ) നോർക്കാ ഉദ്യോഗസ്ഥർ ഇന്ത്യയിൽ എത്ര വിമാനയാത്രകൾ നടത്തിയിട്ടു ്; എവിടെല്ലാം; എന്തു തുക ഇതിനായി ചെലവായി; വിശദാംശം ലഭ്യമാക്കുമോ;

(എഫ്) നോർക്കയിലെ നിയമനങ്ങൾക്കായി എന്തെങ്കിലും മാനദണ്ഡങ്ങൾ നിലവിലു േ ാ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ; ഇല്ല എങ്കിൽ അതിനുവേ നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 21.06.2013-ലെ മറുപടിക്ക്

<u>സൗദി സ്വദേശിവത്ക്കരണം</u>

3011 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യത്തിന്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

സൗദി സ്വദേശിവത്ക്കരണത്തിന്റെ ഭാഗമായി സൗദിയിലെ ഇന്ത്യൻ എംബസിയിലും കോൺസുലേറ്റിലും ആവശ്യമായ ഉദ്യോഗസ്ഥരെ നിയമിക്കുവാൻ കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തുമോ?